**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5158** **04-07-2024 - ൽ മറുപടിയ്ക്ക്**

**ലാൻഡ് ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള ഭൂപരിഷ്കരണ റിവ്യൂ ബോർഡിലും, സർക്കാർ തലത്തിലും സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറി തലത്തിലും യോഗങ്ങൾ നടത്തി താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തി വരുന്നു. |
| (ബി) | ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്ക് ലാൻഡ് ബോർഡുകളെ 4 സോണുകളായി വിഭജിക്കുകയും ഓരോ സോണിനും സ്വതന്ത്ര ചുമതലയയുള്ള പുതിയ ഡെപ്യൂട്ടി കളക്ടർ തസ്തിക പുതുതായി സൃഷ്ടിച്ച് താലൂക്ക് ലാൻഡ് ബോർഡുകളുടെ ചുമതല നൽകുകയുണ്ടായി. ദീർഘകാലമായി തീർപ്പാകാതെ കിടന്ന ധാരാളം കേസുകൾ ഈ സംവിധാനത്തിലൂടെ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സോണൽ ലാൻഡ് ബോർഡ് നിലവിൽ വന്നതിനുശേഷം 148 മിച്ചഭൂമി കേസുകൾ തീർപ്പാക്കുവാനും 1445.40114ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സോണൽ ലാൻഡ് ബോർഡ് ചെയർമാൻമാർക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. |
| (സി) | നിലവിലുള്ള നാല് സോണുകളുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | സോണൽ ലാൻഡ് ബോർഡ് നിലവിൽ വന്നതിനുശേഷമുള്ള പ്രവർത്തന വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| സോണൽ ലാൻഡ് ബോർഡ് | തീർപ്പാക്കുവാനുണ്ടായിരുന്ന മിച്ചഭൂമി കേസുകളുടെ എണ്ണം | തീർപ്പാക്കിയ കേസുകളുടെ എണ്ണം | ഏറ്റെടുക്കുവാൻ ഉത്തരവായ മിച്ചഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|---|
| കോട്ടയം | 342 | 14 | 81.72496 |
| തൃശ്ശൂർ | 664 | 29 | 39.49028 |
| മലപ്പുറം | 481 | 53 | 1236.8109 |
| കണ്ണൂർ | 471 | 52 | 87.375 |
| **ആകെ** | **1958** | **148** | **1445.40114** |